# ഭിന്നശേഷി: സാമൂഹിക-സാംസ്കാരിക മാനങ്ങളും വിവരസാങ്കേതികകാലത്തെ വ്യവഹാരങ്ങളും

ഡോ. അലക്സ്. എൽ
പ്രൊഫസർ, മലയാളവിഭാഗം, ഗവ. കൊളെജ്, നെടുമങ്ങാട്


## പ്രബന്ധസംഗ്രഹം

ശാരീരികമോ, മാനസികമോ, ബൗദ്ധികമോ, സംവേദനപരമോ ആയ വ്യതിരിക്തതകൾ കാരണം സമൂഹത്തിൽ മറ്റുള്ളവർക്കു തുല്യം ഇടപെടലുകൾ നടത്താൻ കഴിയാത്ത അവസ്ഥയാണ് ഭിന്നശേഷി. ഭിന്നശേഷിയുമായി ബന്ധപ്പെട്ട അനുഭവങ്ങളെയും ആവിഷ്കാരങ്ങളെയും നിർമ്മിതികളെയും പഠിക്കാൻ ശ്രമിക്കുന്ന വൈജ്ഞാനിക മേഖലയാണ് ഭിന്നശേഷി പഠനം. ആധുനികതയും ഉത്തരാധുനികതയും ഭിന്നശേഷി പഠനത്തെ സ്വാധീനിച്ചിട്ടുണ്ട്. ഭിന്നശേഷി പഠനം സാമൂഹികവും രാഷ്ട്രീയവുമായ ഒരു പ്രതിഭാസമായാണ് വൈകല്യത്തെ സമീപിക്കുന്നത്. ശരീരശാസ്ത്രത്തിന്റെയോ വൈദ്യശാസ്ത്രത്തിന്റെയോ രോഗനിർണ്ണയന സമീപനങ്ങൾ കൊണ്ടുമാത്രം അടയാളപ്പെടുത്താനാവുന്ന സാമൂഹിക സത്തയായിട്ടല്ല ഭിന്നശേഷിയെ പരിഗണിക്കേണ്ടത്. സമകാലികലോകത്ത് ഭിന്നശേഷി വ്യവഹാരങ്ങൾക്ക് വിവര സാങ്കേതികവിദ്യയുടെ അനന്ത സാധ്യതകളുണ്ട്. ഒപ്പം നിരവധി പ്രശ്നങ്ങളും ഇവർ നേരിടുന്നുണ്ട്. ഭിന്നശേഷിയുള്ളവരുടെ ഡിജിറ്റൽസാക്ഷരത ഉറപ്പു വരുത്തുകയും ഡിജിറ്റൽ മേഖലയിലെ നിരന്തരമാറ്റങ്ങൾ ഉൾക്കൊള്ളാൻ അവരെ സജ്ജരാക്കുകയും വേണം. അതുകൊണ്ടുതന്നെ ഡിജിറ്റൽ സാങ്കേതികവിദ്യ വിവിധ ഭിന്നശേഷികളുടെ സാംസ്കാരിക സ്വത്വങ്ങൾക്കനുസരിച്ച് നവീകരിക്കപ്പെടേണ്ടതുണ്ട്.


**താക്കോൽവാക്കുകൾ:**

ഭിന്നശേഷി, ഭിന്നശേഷിപഠനം, ഡിജിറ്റൽസാക്ഷരത, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, പ്രോജക്ട് സൈബോർഗ്, ഭിന്നശേഷി അവകാശനിയമം,

ആമുഖം

ശാരീരികവും മാനസികവുമായ ആരോഗ്യത്തെക്കുറിച്ച് ഓരോ സമൂഹത്തിനും തനതായ കാഴ്ചപ്പാടുകളുണ്ട്. ജാതി, മതം, വർണ്ണം, വർഗ്ഗം, തൊഴിൽ, ലിംഗപദവി ഇത്യാദി സാമൂഹികസാഹചര്യങ്ങളുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്തരം കാഴ്ചപ്പാടുകൾ രൂപപ്പെട്ടിട്ടുള്ളത്. സാമൂഹികഘടനയുടെ സ്വഭാവമനുസരിച്ച് വ്യക്തികളിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിറവേറ്റാൻ വേണ്ട ശേഷിയാണ് ആരോഗ്യം. നിലവിലുള്ള സാമൂഹിക മാനദണ്ഡങ്ങൾ വെച്ചുനോക്കുമ്പോൾ ശേഷി കുറഞ്ഞവരും കായികവും ബൗദ്ധികവുമായ വ്യതിരിക്തതകൾ ഉള്ളവരുമായ ഒരു വിഭാഗത്തെ എല്ലാ കാലത്തും കാണാൻ കഴിയും. ഇത്തരത്തിൽ, വെല്ലുവിളികൾ നേരിടുന്നവരെ Disabled/Differently Abled (ഭിന്നശേഷിക്കാർ) തുടങ്ങിയ പദങ്ങൾ കൊണ്ടാണ് പൊതുവിൽ വ്യവഹരിക്കാറ്. "ശാരീരികമോ, മാനസികമോ, ബൗദ്ധികമോ, സംവേദനപരമോ ആയ പരിമിതികൾ വിവിധ പ്രതിബന്ധങ്ങളുമായി സമ്പർക്കം പുലർത്തുന്നതു കാരണം, മറ്റുള്ളവർക്കൊപ്പം തുല്യ അളവിൽ, സമൂഹത്തിൽ പൂർണ്ണവും ഗുണപരവും ഫലപ്രദവുമായ ഇടപെടലുകൾ നടത്താൻ കഴിയാത്ത അവസ്ഥ" എന്നാണ് UNCRPD (United Nation Convention for the Right of Person with Disability) എന്ന ഐക്യരാഷ്ട്ര കൺവെൻഷൻ ഭിന്നശേഷിയെ നിർവ്വചിക്കുന്നത്.

ഭിന്നശേഷിയും സമൂഹവും

ആധുനികാനന്തരലോകത്ത് സ്ത്രീകൾ, കീഴാളർ, ഭിന്നലിംഗർ തുടങ്ങിയ ന്യൂനപക്ഷ/പാർശ്വവൽകൃത സമൂഹവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ പോലെ, അരികുവത്കരിക്കപ്പെട്ട ഒരു പ്രത്യേക ന്യൂനപക്ഷവിഭാഗവുമായി ബന്ധപ്പെട്ടവയാണ് ഭിന്നശേഷി വ്യവഹാരങ്ങളും. ലോകജനസംഖ്യയുടെ ഏകദേശം 15 ശതമാനത്തിലധികം വരും ഡിസെബിലിറ്റി വിഭാഗത്തിൽപ്പെട്ടവർ. ഇവർ ആഗോളതലത്തിൽത്തന്നെ ഏറ്റവും ദരിദ്രരും അശക്തരുമായ ജനവിഭാഗത്തിൽ പെടുന്നവരാണ്. വൈകല്യം, അത് ശാരീരികമായാലും ബൗദ്ധികമായാലും ശാപം കിട്ടിയതാണെന്ന് കരുതിയിരുന്ന ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു. പൂർവ്വികരുടെ പാപഫലമാണ് പുതുതലമുറയിലെ കുഞ്ഞുങ്ങളിൽ കാണുന്ന വൈകല്യമെന്ന് സമൂഹം വളരെക്കാലം വിശ്വസിച്ചുപോന്നു. ഇത്തരം മുൻവിധികളുടെ ഫലമായി ഇവർ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും പാർശ്വവത്കരിക്കപ്പെട്ടിരുന്നു. അവഗണനയും ഒറ്റപ്പെടുത്തലും കൊണ്ട് മുറിവേറ്റ, തിരസ്കൃതവിഭാഗമായ ഇവർ നിത്യജീവിതത്തിൽ

നിരവധി അസൗകര്യങ്ങൾ അനുഭവിക്കുന്നുണ്ട്. ഇത്തരം ആളുകൾ വൈകല്യമുള്ളവർ എന്നരീതിയിൽ സമൂഹത്തിൽ നിന്നു മാറി നിൽക്കുകയോ മാറ്റി നിർത്തപ്പെടുകയോ ആയിരുന്നു. തങ്ങൾ സമൂഹത്തിന് ആവശ്യമില്ലാത്തവരും ഭാരവുമാണെന്ന തോന്നലാണ് അതിനു പിന്നിൽ. പലതരം പ്രതികൂല സാഹചര്യങ്ങൾ ഭിന്നശേഷിയുള്ള നിരവധി വ്യക്തികളെയും അവരുടെ കുടുംബങ്ങളെയും ദാരിദ്ര്യത്തിലേയ്ക്ക് തള്ളിവിടുന്നു. അവരുടെ മാതാപിതാക്കൾ, കുഞ്ഞുങ്ങൾ, സഹോദരങ്ങൾപോലും അവഗണനയും ദാരിദ്ര്യവും സാമൂഹിക തിരസ്കാരവും അനുഭവിക്കുന്നു. സാമൂഹിക ഘടകങ്ങളായ ജാതി, മതം വംശം, ഭൂമിശാസ്ത്രപരമായ കിടപ്പ് തുടങ്ങിയ വേർതിരിവുകൾ അടിസ്ഥാനമാക്കിയുള്ള വിഭാഗീയതയും ഭിന്നശേഷിയുള്ളവരുടെ പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുന്നു.

### ഭിന്നശേഷി വ്യവഹാരം: ചരിത്രം

ഇരുപതാംനൂറ്റാണ്ടിന്റെ അവസാനത്തോടെ, ഭിന്നശേഷിയവകാശ പോരാട്ടങ്ങളുടെയും എർവിംഗ് ഗോഫ്മാൻ (Erving Goffman), മിഷേൽ ഫൂക്കോ (Michel Foucault) തുടങ്ങിയ ചിന്തകന്മാരുടെ ബൗദ്ധിക ഇടപെടലുകളുടെയും ഇതര വിജ്ഞാനശാഖകളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള സ്വത്വാധിഷ്ഠിത സമീപനങ്ങളുടെയും മനുഷ്യാവകാശ സമരങ്ങളുടെയുമൊക്കെ ഫലമായി, പടിഞ്ഞാറൻ രാജ്യങ്ങളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ അവകാശങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടും മാനവികതയുടെ ശ്രദ്ധേയങ്ങളായ പുതിയവശങ്ങൾ വെളിപ്പെടുത്തിക്കൊണ്ടുമുള്ള ചിന്തകളും പഠനങ്ങളും ഉയർന്നുവരാൻ തുടങ്ങി. ഇത്തരം പഠനഗവേഷണങ്ങളുടെ ഫലമായി, അംഗവൈകല്യം (Disability) ഉള്ളവർ യഥാർത്ഥത്തിൽ ഭിന്നശേഷിയുള്ളവരാണ് (Differently abled) എന്നും അവർ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് ഒരിക്കലും മാറ്റി നിർത്തപ്പെട്ടുകൂടാ എന്നുമുള്ള ഒരു മഹത്തായ ദർശനം ഉരുത്തിരിഞ്ഞുവന്നു.

1960-കൾ മുതൽ, അമേരിക്കയിലെയും ബ്രിട്ടണിലെയും ഭിന്നശേഷി പ്രവർത്തകർ സംഘടിച്ച് തങ്ങൾക്ക് നിഷേധിക്കപ്പെട്ട അടിസ്ഥാന അവകാശങ്ങൾക്കുവേണ്ടി വാദിക്കാൻ തുടങ്ങി. ലോകവ്യാപകമായി വിവേചനം നേരിടുന്ന, പാർശ്വവൽക്കരിക്കപ്പെട്ട, ഒരു സമൂഹം എന്ന നിലയിൽ അവർ വൈവിധ്യമാർന്ന സമരമുറകൾ സ്വീകരിച്ചു. ഗുരുതരമായ മെഡിക്കൽ പ്രശ്നങ്ങളുള്ള വ്യക്തികളെന്ന പരമ്പരാഗത നിഷേധാത്മക ധാരണകളെ അവർ സജീവമായി എതിർത്തു. അവരെ പിന്തുണച്ചുകൊണ്ട് മനുഷ്യാവകാശ പ്രവർത്തകരും രംഗത്തുവന്നു. ശരീരശാസ്ത്രത്തിന്റെയോ വൈദ്യശാസ്ത്രത്തിന്റെയോ രോഗനിർണ്ണയന സമീപനങ്ങളുടെ മാപനോപാധികൾ കൊണ്ടു മാത്രം

അടയാളപ്പെടുത്താനാവുന്ന സാമൂഹികസത്തയായിട്ടല്ല ഭിന്നശേഷിയെ പരിഗണിക്കേണ്ടത് എന്നു ലോകം ചിന്തിച്ചുതുടങ്ങി. വൈകല്യങ്ങൾ എന്ന ധാരണ സൃഷ്ടിക്കപ്പെടുന്നത് വ്യക്തികളുടെയും സമൂഹങ്ങളുടെയും വ്യത്യസ്ത അവസ്ഥകളെ ഉൾക്കൊള്ളാനുള്ള പൊതുസമൂഹത്തിന്റെ കഴിവില്ലായ്മയിൽ നിന്നാണെന്നും അത്തരം അവസ്ഥകളുള്ളവർ ശേഷിക്കുറവുള്ളവരല്ല മറിച്ച് സമൂഹത്തിന്റെ പൊതുധാരണയിൽനിന്നും വ്യത്യസ്തമായ ശേഷികൾ ഉള്ളവരാണെന്നും ഇത്തരം ഭിന്നശേഷികളെ ഉൾക്കൊള്ളാനുള്ള കഴിവുണ്ടാകേണ്ടത് ആ സമൂഹത്തിന്റേയും അത്തരം വ്യക്തികളുടേയും പുരോഗതിക്ക് അത്യാവശ്യമാണെന്നും ലോകം തിരിച്ചറിഞ്ഞുതുടങ്ങി. ക്രമേണ അവരുടെ സ്വത്വപരമായ വൈകാരികതയ്ക്ക് സാമൂഹികാംഗീകാരം ലഭിക്കുകയും വൈദ്യശാസ്ത്രപരമായ സവിശേഷതകളോടു കൂടിയശരീരം എന്നതിനപ്പുറം പരമ്പരാഗത സങ്കല്പങ്ങളിൽ നിന്നും ഭിന്നമായ ശേഷികളോടുകൂടിയ ഒരു ന്യൂനപക്ഷസമൂഹം എന്ന തരത്തിൽ അംഗീകരിക്കപ്പെടേണ്ടവരും നിയമപരിരക്ഷ ലഭിക്കേണ്ടവരുമാണ് എന്നൊരു ധാരണ ഉടലെടുക്കുകയും അതുവഴി ഭിന്നശേഷി പഠനം എന്നൊരു വിജ്ഞാനശാഖതന്നെ ആവിർഭവിക്കുകയും ചെയ്തു.

### ഭിന്നശേഷി പഠനം: ആദ്യകാല രചനകൾ

ഭിന്നശേഷി പഠനത്തിന് മാത്രമായി ഊന്നൽ നൽകുന്നതോ, ഭിന്നശേഷി വിമോചനത്തിന്റെ പ്രത്യയശാസ്ത്രം അവതരിപ്പിക്കുന്നതോ അല്ലെങ്കിൽ പോലും ഈ മേഖലയ്ക്ക് ബൗദ്ധിക അടിത്തറ നൽകുന്ന നിരവധി രചനകൾ 1960-70-കളിൽ ഉണ്ടായിട്ടുണ്ട്. സോഷ്യോളജിസ്റ്റ് എർവിങ് ഗോഫ്മാൻ (Erving Goffman) തന്റെ ക്ലാസിക് പഠനമായ സ്റ്റിഗ്മയിൽ (Stigma) (1963) ശാരീരിക വൈകല്യങ്ങളോടുകൂടിയ ഭിന്ന വ്യക്തിത്വങ്ങളോടുള്ള സാമൂഹിക ഇടപെടലുകളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. തത്ത്വചിന്തകനും നിരൂപകനുമായ മൈക്കൽ ഫൂക്കോ, ദ ഹിസ്റ്ററി ഓഫ് സെക്ഷ്വാലിറ്റി (The History of Sexuality) (1976) പോലെയുള്ള കൃതികളിൽ സാധാരണയിൽ നിന്ന് വ്യത്യസ്തമായ ശരീരങ്ങളെക്കുറിച്ച് എഴുതിയിട്ടുണ്ട്. പത്തൊൻപതാം നൂറ്റാണ്ടു മുതൽ, വൈകല്യമുള്ള ശരീരങ്ങൾ എപ്രകാരം മാറ്റി നിർത്തുകയും നിയന്ത്രിക്കുകയും രോഗനിർണ്ണയം നടത്തുകയും സാമൂഹികമായി കൈകാര്യം ചെയ്യുകയും ചെയ്തുവെന്ന് അദ്ദേഹം വിവരിക്കുന്നുണ്ട്. സാഹിത്യ നിരൂപകൻ ലെസ്ലി ഫീഡ്ലർ (Leslie Fiedler), ഫ്രീക്സിൽ (Freaks) (1978) അസാധാരണങ്ങളായ മനുഷ്യശരീരങ്ങളോടുള്ള ആളുകളുടെ ആകർഷണത്തിന്റെയും ലാഭേച്ഛയോടെയുള്ള അവയുടെ പ്രദർശനത്തിന്റെയും നീണ്ട ചരിത്രം അവതരിപ്പിക്കുന്നുണ്ട്.

ഡിസെബിലിറ്റി ആക്ടിവിസത്തിനൊപ്പം, ഇത്തരം കൃതികളും ഭിന്നശേഷി പഠനത്തിന് വഴിയൊരുക്കി.

## ഭിന്നശേഷി പഠനങ്ങൾ

ഭിന്നശേഷിയുമായി ബന്ധപ്പെട്ട അനുഭവങ്ങളെയും ആവിഷ്കാരങ്ങളെയും നിർമ്മിതികളെയും പഠിക്കാൻ ശ്രമിക്കുന്ന വൈജ്ഞാനിക മേഖലയാണ് ഭിന്നശേഷിപഠനം (Disability Studies). വിവിധ വിജ്ഞാനശാഖകളുമായി ബന്ധപ്പെട്ടു നിൽക്കുന്നതും അന്തർവൈജ്ഞാനിക സ്വഭാവമുള്ളതുമാണ് ഈ പഠനമേഖല. ഭിന്നശേഷി അനുഭവത്തെ കേന്ദ്രബിന്ദുവായി പരിഗണിച്ച് ശാരീരികവും ബൗദ്ധികവുമായ വ്യതിരിക്തതകളെ ഒരേസമയം സാമൂഹിക നിർമ്മിതിയായും സാംസ്കാരിക രൂപമായും തിരിച്ചറിയുകയും അതിന്റെ വെളിച്ചത്തിൽ വൈകല്യാനുഭവങ്ങളെയും ആവിഷ്കാരങ്ങളെയും വിശദീകരിക്കുകയുമാണ് പൊതുവേ ഭിന്നശേഷി പഠനങ്ങളെല്ലാം. മാനവികതയുമായി ബന്ധപ്പെട്ട് പുതിയ ഉൾക്കാഴ്ചകൾ നല്കിയ ഇതര സ്വത്വാധിഷ്ഠിത സമീപനങ്ങളുടെ, പ്രത്യേകിച്ച് ദളിത്പഠനം (വംശീയപഠനം), ഫെമിനിസം, ക്വിയർ തിയറി (Queer Theory) എന്നിവയുടെ വളർച്ചയാണ് ഈ മേഖലയുടെ ആവിർഭാവത്തെ ത്വരിതപ്പെടുത്തിയ പ്രധാനപ്പെട്ട ഘടകം. അവശ്യവാദം, സാമൂഹിക നിർമ്മിതിവാദം, കോളനീയനന്തര സ്വത്വവിശകലനം, ഡിസെബിലിറ്റി ഫെമിനിസ്റ്റ് സംവാദങ്ങൾ, ഡോണ ഹാരാവേ (Donna Haraway) യുടെ സൈബോർഗ് (cyborg) ആശയം–ഇവയെല്ലാം ആഴമേറിയ ചിന്തയും വ്യവഹാരങ്ങളും എന്ന നിലയിൽ ഭിന്നശേഷി പഠനത്തെ സമ്പന്നമാക്കിയ ഘടകങ്ങളാണ്.

ഭിന്നശേഷി പഠനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത, അത് സാമൂഹികവും രാഷ്ട്രീയവുമായ ഒരു പ്രതിഭാസമായി വൈകല്യത്തെ സമീപിച്ചു എന്നതാണ്. പത്തൊൻപതാം നൂറ്റാണ്ടു മുതൽ വൈകല്യത്തെക്കുറിച്ച് നിലനിന്നിരുന്നതുപോലെ, അതൊരു വൈദ്യശാസ്ത്രപരമായ പ്രശ്നം മാത്രമാണെന്ന് ചിന്തിക്കാൻ ശീലിച്ച സമൂഹത്തിന് അത്തരമൊരു സമീപനം ഉൾക്കൊള്ളാൻ പ്രയാസമുണ്ടാകാം. എങ്കിലും 'വൈകല്യമുള്ളശരീര'ത്തിൽ നിന്നും വൈകല്യമുള്ളവരോട് സമൂഹം എങ്ങനെ പെരുമാറുന്നു എന്നതിലേയ്ക്ക് ശ്രദ്ധ തിരിച്ചുവിടാൻ, മറ്റൊരു തരത്തിൽ പറഞ്ഞാൽ, ജൈവശാസ്ത്രപരമായ ഒരു മെഡിക്കൽ മാതൃകയായി മാത്രം കണ്ടിരുന്ന 'ഡിസെബിലിറ്റി'യെ സാമൂഹിക/സാംസ്കാരിക പരിപ്രേക്ഷ്യത്തോടുകൂടി നോക്കിക്കാണാനുള്ള പ്രേരണ ചെലുത്താൻ, ഈ പുതിയ സമീപനത്തിനു കഴിഞ്ഞു. എങ്കിലും

ജീവശാസ്ത്രവും സംസ്കാരവും തമ്മിലുള്ള ബന്ധത്തിലും അവശ്യവാദവും സാംസ്കാരിക നിർമ്മിതിവാദവും തമ്മിലുള്ള ബന്ധത്തിലും ചില സവിശേഷ മായ സങ്കീർണ്ണതകളും വൈരുദ്ധ്യങ്ങളുമുണ്ട്. ഇത് ഭിന്നശേഷി പഠനരംഗത്ത് ഒരു ചർച്ചാവിഷയവുമാണ്.

### ഭിന്നശേഷി വ്യവഹാരങ്ങൾ ആധുനികാനന്തരകാലത്ത്

ആധുനികതയും ഉത്തരാധുനികതയും ഭിന്നശേഷി പഠനത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ഒന്നാം ലോകയുദ്ധത്തിനുശേഷം ആരംഭിച്ച ആധുനികത 1970-കളുടെ മധ്യത്തിൽ ക്രമേണ ഉത്തരാധുനികതയായി രൂപാന്തരപ്പെട്ടു. ഒരർത്ഥത്തിൽ, ആൽബർട്ട് ഐൻസ്റ്റീൻ മുന്നോട്ടുവെച്ച ആപേക്ഷികതാ സിദ്ധാന്തത്തിൽ നിന്നാണ് ആധുനികത ഉടലെടുത്തത് എന്നു പറയാം. സ്ഥലത്തിന്റെയും സമയത്തിന്റെയും ജ്യാമിതീയ സ്വത്തായി ഗുരുത്വാകർഷ ണത്തിന്റെ ഏകീകൃത വിവരണം നൽകുന്ന ആപേക്ഷികതാസിദ്ധാന്തത്തിൽ നിന്നും ഊർജ്ജം സ്വീകരിച്ച് ആധുനികതയുടെ ജ്ഞാനസംഹിതയായി മാറിയ ആശയമാണ്, 'സത്യം വസ്തുതകളിൽ മാത്രമേ നിലനിൽക്കുന്നുള്ളൂ' എന്നുള്ളത്. ആധുനികത വ്യക്തിയെ ഒരു വസ്തുവായി വീക്ഷിക്കുന്നു. വൈകല്യത്തെ സുഖപ്പെടുത്തുകയും സാധാരണമാക്കുകയും ചെയ്യേണ്ട ഒരു രോഗമായി കണക്കാക്കുന്നു.

ആധുനികതയുടെ പരിമിതികൾ ഉത്തരാധുനികതയുടെ വികാസത്തി ലേക്ക് നയിച്ചു. ആധുനികതയിൽനിന്നു വ്യത്യസ്തമായി ഉത്തരാധുനികത ബഹുസ്വരത, പ്രത്യേകത, വൈവിധ്യം എന്നിവയെ അനുകൂലിക്കുന്നു. ഉത്തരാ ധുനികത വ്യക്തിനിഷ്ഠമായ അനുഭവത്തിനും മനുഷ്യന്റെ ശാക്തീകരണത്തിനും ഊന്നൽ നൽകുന്നു. ഉത്തരാധുനികത ഒരു വ്യക്തിയെ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും ചരിത്രപരവുമായ നില ഉൾപ്പെടെ പല വീക്ഷണ കോണുകളിൽ നിന്നുമാണ് സമീപിക്കുന്നത്. ഭിന്നശേഷി പഠനത്തിലും സമാനമായ ഒരു മാറ്റം നമുക്ക് കാണാൻ കഴിയും. ഭിന്നശേഷി പഠനം വൈകല്യത്തെ നിർവചിച്ച രീതി രേഖീയതയിൽ നിന്ന് മൾട്ടി-ദിശയിലേയ്ക്കും, ദ്വിമുഖതയിൽനിന്ന് സ്പെക്ട്രത്തിലേയ്ക്കും, ദ്വന്ദ്വവാദത്തിൽ നിന്ന് ബഹുസ്വരതയി ലേയ്ക്കും മാറി. ഈ മാറ്റം ആധുനികതയിൽ നിന്ന് ഉത്തരാധുനികതയിലേയ്ക്കുള്ള മാറ്റത്തെ കാണിക്കുന്നു.

ഇന്ന് ഭിന്നശേഷി എന്ന പരികല്പനയ്ക്ക് വളരെ വിപുലവും വിശാലവുമായ ഒരു ആശയമണ്ഡലമാണുള്ളത്. ആധുനികതയുടെ കാലത്ത് അംഗവൈകല്യം, കാഴ്ച-കേൾവിപ്രശ്നങ്ങൾ, ബൗദ്ധികമായപരിമിതികൾ–ഇവ മാത്രമായിരുന്നു

ഭിന്നശേഷിയുടെ അർത്ഥപരിധിക്കുള്ളിൽ വന്നിരുന്നത്. എന്നാൽ ഇന്ന്, ശാരീരികവും മാനസികവും ബൗദ്ധികവും സംവേദനപരവുമായ പരിമിതികളുള്ളവർ, എയിഡ്സ്, ക്യാൻസർ, എബോള, രക്താതിസമ്മർദ്ദം, പ്രമേഹം തുടങ്ങി സാമൂഹിക വ്യവഹാരങ്ങളെ ബാധിക്കുന്നതരം രോഗാവസ്ഥയുള്ളവർ, വാർദ്ധക്യത്തിലെത്തിയവർ തുടങ്ങിയവരെല്ലാം ഭിന്നശേഷിവിഭാഗങ്ങളിൽ പെട്ടവരായി കണക്കാക്കപ്പെടുന്നു. സൂക്ഷ്മവിശകലനത്തിൽ സാമൂഹിക-സാമ്പത്തിക അസമത്വങ്ങളും, തിക്തമായ ജീവിതസാഹചര്യങ്ങളുംവരെ ഭിന്നശേഷി സമൂഹസൃഷ്ടിക്ക് നിദാനമായിത്തീരുന്നുണ്ട് എന്നുകാണാം. അതുകൊണ്ടു തന്നെ, ആരോഗ്യം, വിദ്യാഭ്യാസം, സമ്പത്ത്, തൊഴിൽ, ഭാഷ, സംസ്കാരം, രാഷ്ട്രീയം, തത്ത്വചിന്ത, പരിസ്ഥിതി, ലിംഗനീതി, ആവാസവ്യവസ്ഥ, ഭക്ഷണം, പൊതുബോധം, നിയമനിർമ്മാണം, ഭരണനിർവ്വഹണം, പ്രാപ്യത (Accessibility), ശാസ്ത്രസാങ്കേതികത, വിവരസാങ്കേതികവിദ്യ എന്നിങ്ങനെ വിവിധ മേഖലകളിലായി വ്യാപിച്ചുകിടക്കുന്നു ഭിന്നശേഷി വ്യവഹാരങ്ങൾ.

വിവര സാങ്കേതികവിദ്യയുടെ ദ്രുതഗതിയിലുള്ള വികാസത്തിലൂടെ വ്യത്യസ്ത ഉപയോക്താക്കൾക്ക്, പ്രത്യേകിച്ച് ദീർഘകാലമായി അവഗണിക്കപ്പെട്ട ഭിന്നശേഷി വിഭാഗത്തിന് നിരവധി സേവനങ്ങൾ ലഭ്യമാകുന്നുണ്ട്. ഇലക്ട്രോണിക് ആക്സസ്, നെറ്റ് വർക്ക്ഡ് റിസോഴ്സസ്, മറ്റു തരത്തിലുള്ള ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജികൾ (ഐ.സി.ടി) എന്നിവ വിവരവിതരണത്തിനുള്ള മാനദണ്ഡമായി മാറിയിരിക്കുന്നു. ടെക്സ്റ്റ്-ടു-സ്പീച്ച്, ഓൺ-സ്ക്രീൻ ബോർഡുകൾ, ടെക്സ്റ്റ്-ടു-സ്പീച്ച് സിന്തസൈസറുകൾ, മാഗ്നിഫിക്കേഷൻ ആപ്ലിക്കേഷനുകൾ, സ്ക്രീൻ റീഡറുകൾ, ഇലക്ട്രോണിക് പോയിന്റിങ് ഉപകരണങ്ങൾ, ബദൽ കീബോർഡുകൾ, വിഷ്വൽ വോയ്സ് ഔട്ട്പുട്ട് ഉള്ള കമ്പ്യൂട്ടറുകൾ തുടങ്ങിയ ഇതര അഡാപ്റ്റീവ് സാങ്കേതികവിദ്യകൾ ഭിന്നശേഷിക്കാർക്ക് സ്വതന്ത്രമായി സംവദിക്കാനും അവരുടെ തൊഴിൽ മേഖലകളെ കാര്യക്ഷമമായി കൈകാര്യം ചെയ്യാനും സഹായിക്കുന്നുണ്ട്.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (നിർമ്മിത ബുദ്ധി) നമ്മുടെ ദൈനംദിന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പുതിയതും ലളിതവുമായ വഴികൾ തുറന്നുതരുന്നുണ്ട്. സംസാരവും ശബ്ദവും തിരിച്ചറിയൽ, വിഷ്വൽ പെർസെപ്ഷൻ, തീരുമാനമെടുക്കൽ, മറ്റു വിവിധതരം തൊഴിലുകൾ തുടങ്ങി മനുഷ്യബുദ്ധി ആവശ്യമുള്ള പ്രവൃത്തികൾ യന്ത്രവത്കരിക്കുന്നതിന് വലിയ സാധ്യതകളുള്ളതിനാൽ, ഭിന്നശേഷിവ്യക്തികളെ സഹായിക്കാൻ

നിർമ്മിതബുദ്ധിക്ക് കഴിയും. എക്കോ, ഗൂഗിൾ ഹോം, അലക്സ തുടങ്ങിയ എ.ഐ-വോയ്സ്-അസിസ്റ്റഡ് സാങ്കേതികവിദ്യകൾ വൈകല്യമുള്ളവർക്ക് പുതിയ സാദ്ധ്യതകൾ നൽകുന്നുണ്ട്. ആശയവിനിമയത്തിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരു പ്രധാന പങ്കു വഹിക്കുന്നതിനാൽ, ഈ സാങ്കേതികവിദ്യയുടെ ഉപയോഗം വൈകല്യമുള്ള വ്യക്തികളെ അവരുടെ ഉപകരണങ്ങളുമായി സംസാരിക്കുന്നതിലൂടെ വിവരങ്ങൾ വളരെ എളുപ്പത്തിൽ ആക്സസ് ചെയ്യാൻ പ്രാപ്തരാക്കുന്നു.

സ്പീച്ച്-ടു-ടെക്സ്റ്റ്, ടെക്സ്റ്റ്-ടു-സ്പീച്ച് സാങ്കേതികവിദ്യകളിലെ പുരോഗതി സംസാര തടസ്സങ്ങളുമായി ജീവിക്കുന്നവരെ സഹായിക്കുന്നു. വോയ്സിറ്റ് പോലുള്ള ശബ്ദസംവിധാനങ്ങൾക്ക് കാലക്രമേണ സ്പീക്കറുകളുടെ ഉച്ചാരണം പഠിക്കാനും ഉപയോക്താവിന്റെ വാക്കുകൾ ഓഡിയോ അല്ലെങ്കിൽ ടെക്സ്റ്റ് സന്ദേശങ്ങളുടെ രൂപത്തിൽ വ്യക്തവും സാധാരണവുമായ സംഭാഷണത്തിലേക്ക് വിവർത്തനം ചെയ്യാനും കഴിയും. സംസാര വൈകല്യമുള്ള ആളുകളെ പരസ്പരം മുഖാമുഖം ആശയവിനിമയം നടത്താൻ ഇത്തരം സംവിധാനങ്ങൾ സഹായിക്കുന്നു. അതുപോലെ, സംസാരവൈകല്യമുള്ള ഉപയോക്താക്കൾക്ക് സഹായകമായ മറ്റൊരു ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപകരണമാണ് ഗൂഗിളിന്റെ പാരോട്രോൺ. എ.ഐ. സാങ്കേതികവിദ്യയിലെ മുന്നേറ്റങ്ങൾ കേൾവി വൈകല്യമുള്ളവരുടെ ജീവിതം എളുപ്പമാക്കുന്ന തരം ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനും സഹായകമായിട്ടുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയിലൂടെ പരിമിതമായ ശാരീരിക ചലനക്ഷമതയോടെമാത്രം ജീവിക്കുന്ന ആളുകളെ ശാക്തീകരിക്കാൻ കഴിയും. മൈക്രോസോഫ്റ്റിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഫോർ ആക്സസിബിലിറ്റി പ്രോഗ്രാം ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ ഉപയോഗിച്ച് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ജോലിസ്ഥലത്തും ദൈനംദിന ജീവിതത്തിലും അഭിമുഖീകരിക്കുന്ന നിരവധി ശാരീരികവും വൈജ്ഞാനികവുമായ വെല്ലുവിളികൾക്കുള്ള പരിഹാരങ്ങൾ വികസിപ്പിക്കുകയും സാമൂഹിക സഹകരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. തൊഴിൽ, ദൈനംദിന ജീവിതം, ആശയവിനിമയം എന്നിവയിൽ ഭിന്നശേഷിക്കാർക്ക് സ്വാതന്ത്ര്യവും പ്രായോഗികക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് മൈക്രോസോഫ്റ്റിന്റെ സംരംഭം ലക്ഷ്യമിടുന്നത്. എ ഐ- പവേർഡ് സെൽഫ് ഡ്രൈവിങ് കാറുകളും സ്വയം നിയന്ത്രിത ഗതാഗതവും ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവിശ്വസനീയമായ സഞ്ചാരസ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു.

### പ്രോജക്ട് സൈബോർഗ്

രക്തവും മാംസവും ലോഹവുമൊക്കെച്ചേർന്ന് പകുതിമനുഷ്യനും പകുതി യന്ത്രവുമായ സൂപ്പർമനുഷ്യനാണ് സൈബോർഗ്. റോബോട്ടിനെ യന്ത്രം എന്നു വിളിക്കാമെങ്കിൽ സൈബോർഗ് മനുഷ്യയന്ത്രമാണ്. ശരീരത്തിൽ ഘടിപ്പിച്ചിരിക്കുന്ന യന്ത്രങ്ങളുടെ സഹായത്തോടെ മനുഷ്യന് സാധാരണനിലയിൽ ചെയ്യാനാകാത്ത കാര്യങ്ങൾ ചെയ്യാൻ സാധിക്കും. 1960-കളോടെ ശാസ്ത്രകഥകളിൽ പ്രത്യക്ഷപ്പെട്ട സൈബോർഗുകൾ ഇപ്പോൾ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. മനുഷ്യ മസ്തിഷ്കത്തിൽ ഘടിപ്പിക്കുന്ന ചിപ്പുകളും മറ്റും സൈബോർഗുകളുടെ ചിന്തകളേയും പ്രവർത്തികളേയും സ്വാധീനിക്കുന്നു. കെവിൻ വാർവിക്ക് (Kevin Warwick) എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ ഈ രംഗത്തെ ഗവേഷകരിൽ പ്രമുഖനാണ്. ക്യാപ്റ്റൻ സൈബോർഗ് എന്നാണ് ശാസ്ത്രലോകം ഇദ്ദേഹത്തെ വിളിക്കുന്നത്. ഈ രംഗത്തെ ഗവേഷണങ്ങൾ പ്രോജക്ട് സൈബോർഗ് എന്ന പേരിൽ അറിയപ്പെടുന്നു. നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, ബയോമെഡിക്കൽ എഞ്ചിനീയറിങ് തുടങ്ങിയ രംഗങ്ങളിലൊക്കെ പല പുതിയ ആശയങ്ങളും രൂപംകൊള്ളുന്നുണ്ട്. ഇവയെല്ലാം ഭിന്നശേഷി ലോകത്ത് പുതിയ സാദ്ധ്യതകൾ തുറന്നുതരുന്നുണ്ട്.

### ഭിന്നശേഷി വ്യവഹാരങ്ങൾ: സാദ്ധ്യതകളും പരിമിതികളും

സമകാലിക മാധ്യമാധിപത്യ ലോകത്ത് ഭിന്നശേഷി വ്യവഹാരങ്ങൾക്ക് വിവര സാങ്കേതിക വിദ്യയുടെ വിശാലവും വിസ്മയാവഹവുമായ ശൃംഖലാ സമൂഹഘടന (Network Society Structure) തുറന്നുതരുന്ന വിജ്ഞാനമണ്ഡലത്തിന്റെ അനന്ത സാധ്യതകളുണ്ട്. ഡിജിറ്റൽ സാങ്കേതിക ഘടനകൾ സൃഷ്ടിക്കുന്ന ലോകക്രമത്തിലെ മാറ്റങ്ങളും ഭിന്നശേഷിയുടെ വിവിധതലങ്ങളെ ആഴത്തിൽ സ്വാധീനിക്കുന്നുണ്ട്. ഈയൊരു സാഹചര്യത്തിൽ, സാമൂഹികവ്യവഹാരങ്ങളിൽ ഭിന്നശേഷിയുള്ളവർ ആർജ്ജിച്ചെടുക്കുന്ന കഴിവുകളോടൊപ്പം തന്നെ പ്രധാനമാണ് ഡിജിറ്റൽ ലോകത്ത് അവർ സ്വായത്തമാക്കേണ്ട സാങ്കേതികജ്ഞാനവും. മാത്രവുമല്ല, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ ഭിന്നശേഷി സമൂഹത്തിന് ലഭ്യമാകേണ്ടതുമുണ്ട്. അതിനായി ഓരോതരം ഭിന്നശേഷികൾക്കും അനുസൃതമായി പ്രാപ്യതാസാങ്കേതികവിദ്യകൾ (Accessibility technologies) വിതരണം ചെയ്യപ്പെടണം. ഇത്തരം സാങ്കേതിക വിദ്യകൾ, ഭിന്നശേഷിയുടെ വൈദ്യശാസ്ത്രപരമായ പ്രത്യേകതകളെയും, ഭിന്നശേഷിയുള്ളവരുടെ സാംസ്കാരികസ്വത്വത്തെയും (cultural identity) പരിഗണിച്ചുകൊണ്ടുമാകണം.

ഇന്ന് ആഗോളവ്യാപകമായി ഭിന്നശേഷിവിഭാഗത്തിൽപ്പെട്ടവർ വിവര സാങ്കേതികവിദ്യയുടെ സാമൂഹികവത്കരണവുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ഡിജിറ്റൽ സാക്ഷരതയുടെ കുറവും സേവനങ്ങളുടെ ലഭ്യതക്കുറവുമാണ് അവയിൽ പ്രധാനം. ഭിന്നശേഷിയുള്ളവർക്കു ലഭിക്കുന്ന പൊതുവിദ്യാഭ്യാസത്തിൽ ഡിജിറ്റൽ പഠനത്തിന് വേണ്ടത്ര പ്രാധാന്യം ഇല്ലാതിരിക്കുക, ഡിജിറ്റൽ സാങ്കേതികതകൾ പ്രാപ്യമല്ലാതിരിക്കുക, പൊതുവിദ്യാഭ്യാസരംഗത്തും ഉന്നത/സാങ്കേതിക വിദ്യാഭ്യാസരംഗത്തും ഭിന്നശേഷി ഒരു വിഷയമാവാതിരിക്കുക—ഇങ്ങനെ ധാരാളം പ്രശ്നങ്ങൾ വേറെയുമുണ്ട്. ഭിന്നശേഷീവ്യവഹാരങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതരത്തിൽ ഇ-വിദ്യാഭ്യാസസേവനങ്ങൾ സൃഷ്ടിക്കപ്പെടുകയും അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കപ്പെടുകയും വേണം. വിദ്യാഭ്യാസത്തിൽനിന്ന് തൊഴിലിലേയ്ക്ക് സ്വാഭാവികമായ പരിവർത്തനത്തിന് അവരെ സജ്ജരാക്കുന്ന തരത്തിൽ ഡിജിറ്റൽ പരിശീലന രീതികൾ ഉണ്ടാകണം. ഭിന്നശേഷിയുള്ളവർക്ക് ഡിജിറ്റൽ സാക്ഷരത ഉറപ്പുവരുത്താൻ കഴിയണം. ഡിജിറ്റൽ സാക്ഷരത എന്ന പദത്തിന്റെ അർത്ഥം തന്നെ നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. അതിനാൽ ഡിജിറ്റൽ മേഖലയുമായി ബന്ധപ്പെട്ട അവരുടെ കഴിവുകളെ നിരന്തരം നവീകരിക്കേണ്ടതുണ്ട്.

ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങൾക്കായുള്ള അന്താരാഷ്ട്ര കൺവെൻഷൻ (UNCRPD- United Nation Convention for the Right of Person with Disability) 2007-ൽ നിലവിൽ വന്നെങ്കിലും, ഇന്ത്യയുൾപ്പെടെയുള്ള പല രാജ്യങ്ങളിലെയും സാമൂഹിക വ്യവഹാരങ്ങളിൽ ഘടനാപരമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല. ഇന്ത്യയിൽ 2016-ൽ പാസാക്കിയ ഭിന്നശേഷി അവകാശ നിയമം (Rights of Persons with Disabilities- 2016) പോലും ഒട്ടനവധി പരിമിതികളുള്ളതും ഘടനാപരമായി പ്രവർത്തിച്ചു തുടങ്ങാത്തതുമാണ് എന്ന് അഭിപ്രായമുണ്ട്. ഡിജിറ്റൽ ലോകത്ത് ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങളെക്കുറിച്ചും അവ നേടിയെടുക്കുന്നതിന് സാമൂഹിക വ്യവഹാരങ്ങളിലുണ്ടാകേണ്ട ഘടനാപരമായ മാറ്റങ്ങളെക്കുറിച്ചും സമൂഹം കൂടുതൽ ബോധവാന്മാരാകേണ്ടതുണ്ട്. ഭിന്നശേഷിയുള്ളവരുടെ ഡിജിറ്റൽ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാന ഘടകങ്ങളായി ഈ രംഗത്തെ വിദഗ്ധർ ചൂണ്ടിക്കാണിക്കുന്ന ഇലക്ട്രോണിക് വ്യക്തിത്വ സാങ്കേതികതകളും ആധികാരികതാ നിർണ്ണയ സാങ്കേതികതകളും (Electronic Identity Technologies and Authentication Technologies) സൃഷ്ടിക്കപ്പെടണം. ഡിജിറ്റൽ ലോകത്ത് പൂർണ്ണമായ പങ്കാളിത്തം നേടുന്നതിനും ഡിജിറ്റൽ സംവിധാനങ്ങളും സേവനങ്ങളും ഉപയോഗപ്പെടുത്തുന്നതിനും

ഡിജിറ്റൽ മേഖലയിൽ ഉണ്ടാകുന്ന എല്ലാത്തരം സാദ്ധ്യതകളുടേയും നേട്ടങ്ങൾ ഉൾക്കൊണ്ട് ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഭിന്നശേഷി സമൂഹത്തിന് അവകാശമുണ്ട്. അതുകൊണ്ടുതന്നെ ഡിജിറ്റൽ സാങ്കേതികവിദ്യ വിവിധ ഭിന്നശേഷികളുടെ സാംസ്കാരിക സ്വത്വങ്ങൾക്കനുസരിച്ച് നവീകരിക്കപ്പെടേണ്ടതുണ്ട്. അത് ഒരു പരിധിവരെയെങ്കിലും ഭിന്നശേഷി സമൂഹങ്ങളുടെ ശാക്തീകരണത്തിനും അവരുടെ സാമൂഹ്യപദവിയും അന്തസ്സും ഉയർത്തുന്നതിനും സഹായകമായിരിക്കും.

### സഹായകഗ്രന്ഥങ്ങൾ:

1. Clare Barker, 2011, Postcolonial Fiction and Disability, Exceptional Children, Metaphor and Materiality, London, Atlantic Books, British Publishing House.

2. Colin Cameron (editor),2013, 'Disability Studies, a student's guide', ebook, SAGE Publication

3. Dianne Pothier, Richard Devin, 2011, 'Critical Disability Theory', ebook, UBC Press

4. Garland-Thomson, Rosemarie. 2013. "Disability Studies: A Field Emerged." American Quarterly 65 (4)

5. Mitchell, David, and Sharon Snyder. 2006. Cultural Locations of Disability. Chicago: University of Chicago Press.

6. Shakespeare, Tom. 2006. "The Social Model of Disability." In The Disability Studies Reader, ed. Lennard J. Davis, New York: Routledge.

*Email- thadathilalex@gmail.com*